DWCD/4583/2022-D3

I/62474/2022

വനിത ശിശു വികസന
ഡയറക്ടറേറ്റ്,
പൂജപ്പുര, തിരുവനന്തപുരം
തീയതി : 15-10-2022
Email - directorate.wcd@kerala.gov.in
Phone - 0471 – 2346534

**സർക്കുലർ**

വിഷയം: വനിത ശിശു വികസന വകുപ്പ് – ഡയറക്ടറേറ്റ് – 2022 ലെ മലയാള ദിനാഘോഷവും ഭരണഭാഷാ വാരാഘോഷവും - ആഘോഷപരിപാടികൾ സംഘടിപ്പിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ - സംബന്ധിച്ച്.

സൂചന: ഉദ്യോഗസ്ഥ - ഭരണപരിഷ്കാര (ഔദ്യോഗികഭാഷ) വകുപ്പിന്റെ 20.08.2022 തീയതിയിലെ ഒ.എൽ.4/20/2022/പി&എആർഡി നമ്പർ സർക്കുലർ.

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. കേരളത്തിലെ ഭരണ ഭാഷ പൂർണ്ണമായും മലയാളമാക്കുക എന്ന പ്രഖ്യാപിത ലക്ഷ്യം കൈവരിക്കുന്നതിനു വേണ്ടി സർക്കാർ വിവിധ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരികയാണ്. അതിന്റെ ഭാഗമായി എല്ലാ വർഷവും നവംബർ 1 മലയാള ദിനമായും നവംബർ 1 മുതൽ 7 വരെ ഭരണഭാഷാവാരമായും ആഘോഷിക്കുന്നത് സംബന്ധിച്ച് 18.03.2002 ൽ ജി.ഒ.(പി) നം. 31/2002/പി&എആർഡി പുറപ്പെടുവിച്ചിട്ടുണ്ട്. ഇക്കാലയളവിൽ ഭരണഭാഷാ മാറ്റത്തിന് ഉതകുംവിധമുള്ള ചർച്ചകളും സെമിനാറുകളും മറ്റും സംസ്ഥാന - ജില്ലാ - താലൂക്ക് - പഞ്ചായത്ത് തലങ്ങളിൽ സംഘടിപ്പിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

വനിത ശിശു വികസന വകുപ്പിലെ എല്ലാ കീഴ്ഓഫീസുകളിലും കേരളപ്പിറവിയുടെ 66-ാം വാർഷിക വേളയായ ഈ വർഷവും ഘോഷ പരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്. നവംബർ മാസത്തിലെ ആദ്യത്തെ പ്രവൃത്തി ദിവസം മലയാള ദിനാഘോഷവും നവംബർ 1 മുതൽ 7 വരെ ഭരണഭാഷാവാരാഘോഷവും വിപുലമായ രീതിയിൽ സംഘടിപ്പിക്കുന്നതിന് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. സംസ്ഥാന തലത്തിൽ ആഘോഷ പരിപാടികളുടെ ഉദ്ഘാടനം 01.11.2022 ന് ബഹു. മുഖ്യമന്ത്രി നിർവ്വഹിക്കുന്നതാണ്. 2022 നവംബർ 1-ാം തീയതി എല്ലാ വനിത ശിശു വികസന ഓഫീസുകളിലും ഓഫീസ് തലവന്റെ അദ്ധ്യക്ഷതയിൽ ഭരണഭാഷാ സമ്മേളനം സംഘടിപ്പിക്കേണ്ടതും താഴെ ചേർത്തിട്ടുള്ള ഭരണഭാഷാ പ്രതിജ്ഞ ഉദ്യോഗസ്ഥർക്ക് ഓഫീസ് തലവൻ ചൊല്ലിക്കൊടുക്കേണ്ടതുമാണ്.

**ഭരണഭാഷാപ്രതിജ്ഞ**

"മലയാളം എന്റെ ഭാഷയാണ്. മലയാളത്തിന്റെ സമ്പത്തിൽ ഞാൻ അഭിമാനിക്കുന്നു. മലയാള

I/62474/2022

ഭാഷയെയും കേരള സംസ്കാരത്തെയും ഞാൻ ആദരിക്കുന്നു. ഭരണനിർവ്വഹണത്തിൽ മലയാളത്തിന്റെ ഉപയോഗം സാർവത്രികമാക്കുന്നതിന് എന്റെ കഴിവുകൾ ഞാൻ വിനിയോഗിക്കും."

2. ഭരണഭാഷാ വാരാഘോഷക്കാലത്ത് ഓഫീസുകളിൽ ആഘോഷം സംബന്ധിച്ച ബാനറുകൾ പ്രദർശിപ്പിക്കേണ്ടതാണ്.

<u>ബാനറിന്റെ മാതൃക</u>

ഭരണഭാഷ - മാതൃഭാഷ

മലയാള ദിനാഘോഷം - 2022 നവംബർ 1

ഭരണഭാഷാ വാരാഘോഷം - 2022 നവംബർ 1 മുതൽ 7 വരെ

3. വാരാഘോഷക്കാലത്ത് വിവിധ ഓഫീസുകളിൽ ഭാഷാപോഷണത്തിനും ഭരണഭാഷാ മാറ്റത്തിനും ഉതകുന്ന പ്രഭാഷണങ്ങൾ, ചർച്ചകൾ, സെമിനാറുകൾ, സമ്മേളനങ്ങൾ, ഭരണഭാഷാപുരസ്കാരം ലഭിച്ചവർക്കുള്ള അനുമോദനം തുടങ്ങിയവ സംഘടിപ്പിക്കേണ്ടതാണ്.

4. ഓഫീസുകളിൽ ഓരോ ദിവസവും ഭരണരംഗത്ത് ഉപയോഗിക്കുന്ന അഞ്ച് ഇംഗ്ലീഷ് പദങ്ങളും സമാന മലയാള പദങ്ങളും എഴുതി പ്രദർശിപ്പേക്കേണ്ടതാണ്.

5. മലയാള ദിനാഘോഷവും ഭരണഭാഷാ വാരാഘോഷവും സംബന്ധിച്ച് ഓരോ കീഴ്ക്കാര്യാലയങ്ങളിലും സംഘടിപ്പിക്കുന്ന പരിപാടികളുടെ വിശദമായ റിപ്പോർട്ട് നവംബർ 10 ന് മുമ്പ് അതത് ജില്ലാ ഓഫീസുകൾക്ക് നൽകേണ്ടതാണ്. ജില്ലാ ഓഫീസുകളിൽ നിന്നും എല്ലാ കീഴ്ക്കാര്യാലയങ്ങളിലെയും ക്രോഡീകരിച്ച റിപ്പോർട്ട് നവംബർ മാസം 15 ന് മുമ്പായി വനിത ശിശു വികസന ഡയറക്ടറേറ്റിൽ ലഭ്യമാക്കേണ്ടതാണ്.

6. ജില്ലാ / താലൂക്കുതല ആഘോഷത്തിന്റെ ചെലവ് ജില്ലാ കളക്ടർക്കുവേണ്ടി ബജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ള മറ്റു ചെലവുകൾ എന്ന കണക്കിലും പഞ്ചായത്തു തലത്തിലുള്ള പരിപാടികളുടെ ചെലവ് ബന്ധപ്പെട്ട പഞ്ചായത്തിന്റെ കണക്കിലും വകയിരുത്തേണ്ടതാണ്.

വനിത ശിശു വികസന ഡയറക്ടർ(i/c)

എല്ലാ കീഴ്ക്കാര്യാലയ മേധാവികൾക്കും